**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 754** **11-06-2024 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വാഹനങ്ങൾക്കുള്ള ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകളിൽ നിന്നും പ്രതിമാസം ശരാശരി എത്ര രൂപ സർക്കാരിന് ലഭിക്കുന്നുണ്ട്; പുതുതായി ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (എ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 63 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും, 1169 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളും ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നോഡൽ ഏജൻസി എന്ന നിലയ്ക്ക് ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. വ്യത്യസ്ത പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ഇവ പൂർത്തീകരിച്ചിട്ടുള്ളത്. സ്വകാര്യ മേഖലയുൾപ്പെടെ 600-ൽ അധികം ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ കേരളത്തിൽ ഇതുവരെ നിലവിൽ വന്നിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പൊതുജന പങ്കാളിത്തത്തോടെ പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ചു വരുന്നു. വാഹനങ്ങൾക്കുള്ള ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ നിന്നും പ്രതിമാസം ശരാശരി 28,15,669/- രൂപ KSEBL-ന് ലഭിക്കുന്നുണ്ട്.<br><br>അനെർട്ട് വഴി സ്ഥാപിച്ച ഇ-കാറുകൾക്കായുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ നിന്ന് ലൊക്കേഷൻ അനുസരിച്ച് പ്രതിമാസം 5,000/– രൂപ മുതൽ 45,000/- രൂപ വരെ സർക്കാരിന് ലഭിക്കുന്നു. കൂടാതെ പുതുതായി ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിലെ മോട്ടോർ വാഹനവകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകൾ, തിരഞ്ഞെടുക്കപ്പെട്ട ബസ് സ്റ്റാൻഡുകൾ, PWD റസ്റ്റ് ഹൗസുകൾ എന്നിവിടങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ